പഴയ കാല രചനകൾ -(ഇ മലയാളിയിൽ വായിക്കുക)

# കൊതിയോടെ കാത്തിരിപ്പൂ

**സുധീർ പണിക്കവീട്ടിൽ**

സ്നേഹമാണങ്ങേക്കെന്നെ
അറിഞ്ഞു ഞാനീകാര്യം
ഭദ്രമായ് സൂക്ഷിക്കുന്നെൻ
മനസ്സിൻ മണിച്ചെപ്പിൽ

നിർവ്വചിക്കുവാനാവില്ലങ്ങ-
യോടെനിക്കുള്ള
സ്നേഹവും വിശ്വാസവും
എങ്കിലും നിശ്ശബ്ദ ഞാൻ

പരസ്ത്രീയല്ലേ ഞാനെൻ
കഴുത്തിൽ തൂങ്ങുന്നൊണ്ടൊ-
രഞ്ചാറു പണമിട സ്വർണ്ണത്തിൽ
ഒരു ബന്ധം

കെട്ടിയോനെനിക്കെന്നും
അന്യനാണവനെൻെറ
ഹ്രുദയം കാണാത്തവൻ
തനുവിൽ രമിക്കുന്നോൻ

സീതയും സാവിത്രിയും
ജനിച്ച മണ്ണിൽ തന്നെ
പിറന്നു ഞാനെങ്കിലും
ഹതഭാഗ്യയായ് കഷ്ടം

തിരിഞ്ഞു നോക്കീല്ല ഞാൻ
രാവണന്മാരെ തീരെ
തനുവും മനവുമെൻ പതിക്കായ്
സൂക്ഷിച്ചോൾ ഞാൻ

ശുദ്ധയായ് പവിത്രയായ്
മുഴുവൻ മനസ്സുമായ്

ഭർത്രു സന്നിധിയിൽ ഞാൻ
ദേവിയെപോലെ ചെന്നു

അറിഞ്ഞില്ലവനെൻെറ
ഹ്രുദയതുടിപ്പുകൾ
അവനോ പ്രിയം പണം
പിന്നെയെൻ ശരീരവും

വിധിയെ പഴിച്ചുകൊണ്ടാ
ശ്വസിക്കുവാനുമീ ജീവിതം
കണ്ണീരൊപ്പി ഒടുക്കിതീർക്കാനും
ഞാൻ മനസ്സിൽ ഉറപ്പിച്ചു

ജീവിത സംഘർഷത്തിൻ
പാതയിൽ ഞാൻ വീണപ്പോൾ
എൻമിഴി നീരൊപ്പുവാൻ
എന്തിനോ നീയന്നെത്തി

ദിവ്യമാം പ്രേമത്തിൻെറ
നെന്മണി കൊറിക്കുന്ന
വെള്ളരിപ്രാക്കൾ നീയെൻ
മനസ്സിൽ പറപ്പിച്ചു

അകലെ സ്നേഹത്തിൻെറ
താരകൾ മിന്നുന്നൊരു
നഭസ്സിൻ ഗന്ധർവനായി
നീയെൻെറ കണ്ണിൽ നിൽപ്പു

മറക്കാനാവില്ലെന്നെ
മരണം ഗ്രസിച്ചാലും
ദേവ ദേവാ നീയെൻെറ
പ്രാണനിൽ തിളങ്ങുന്നോൻ

അനുരാഗത്തിൻ നറും
തേൻ നിലാവെന്നെ കാട്ടി
ഉറക്കം കെടുത്തിയെൻ
ഓർമ്മയിൽ ഉണർന്നു നീ

തൊഴുകയ്യാൽ ഞാനെൻെറ
ഇഷ്ടദേവനെപോലെ
അങ്ങയെ വന്ദിക്കുന്നു

ദർശനം കൊതിക്കുന്നു.

ഒന്നു സ്പർശിക്കുവാന-
ങ്ങെ തൊട്ടുതൊട്ടിരിക്കുവാൻ
കൊതിപ്പൂ ഞാനെങ്കിലും
നിഷിദ്ധമല്ലേ ഭർത്രുമതിയാം എനിക്കവ

ഈശ്വരൻ വിലക്കിയ
കനിയും നീട്ടി വീണ്ടും
ഹവ്വയായി സ്ത്രീ ജന്മത്തിൽ
കളങ്കം ചാർത്തില്ല ഞാൻ

ചട്ടങ്ങൾ നമ്മെ മാറ്റി
നിർത്തുകിൽ ചട്ടങ്ങളെ
മാറ്റുവാനാവില്ലല്ലോ
ദുർബ്ബലരല്ലേ നമ്മൾ

എങ്കിലും ഹ്രുദയത്തിൻ
തന്ത്രിയിൽ മീട്ടാനൊരു
രാഗമായ് എന്നും നമ്മൾക്കോ-
ർക്കാമീ അനുരാഗം

ഇനിയും ജന്മങ്ങളീ ഭൂമിയിൽ
ദൈവം തന്നാൽ
എന്മനം ചോദിക്കുന്ന
വരം - അങ്ങയെ മാത്രം

ശുഭം